**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**
**മാർത്തോമ്മാ ലഹരി വിമോചന സമിതി പ്രസിഡന്റ്**
**റൈറ്റ്. റവ. തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പായിൽനിന്നും**

കല്പന നമ്പർ : G.64/2023

കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

മദ്യം, മയക്കുമരുന്നുകൾ മുതലായ ലഹരി വസ്തുക്കളുടെ ആസ്കതിയും മറ്റ് ബിഹേവിയറൽ (ശീലങ്ങൾ) ആസ്കതികളും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ നാം ഉണർന്ന് പ്രവർത്തിയ്ക്കേണ്ടത് അനിവാര്യമാണ്. ആസക്തി രോഗത്തിന് അടിമകൾ ആയവരെയും വളർന്നുവരുന്ന തലമുറയേയും ഈ വിപത്തിൽ നിന്നും രക്ഷിക്കുവാൻ ഓരോ ഇടവകയും കർമ്മോത്സുകരാകുവാൻ ലഹരി വിമോചനസമിതിയുടെ ശാഖകൾ രൂപീകരിയ്ക്കേണ്ടതാണ്. ഇടവകകളിൽ ഇപ്പോൾ നടത്തപ്പെടുന്ന പൊതുതെരഞ്ഞെടുപ്പിനോടൊപ്പം ലഹരി വിമോചന സമിതി യൂണിറ്റിന്റെ കമ്മറ്റിയിലേക്ക് ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കണമെന്ന് അറിയിക്കുന്നു. കമ്മിറ്റി അംഗങ്ങൾ ആയി ഇടവകസെക്രട്ടറി, ട്രസ്റ്റികൾ, സണ്ടേസ്കൂൾ, യുവജനസഖ്യം, സേവികാസംഘം, ഇടവകമിഷൻ, സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്, വികസനസംഘം, ഗായസംഘം എന്നീ ഔദ്യോഗിക സംഘടനകളിൽ നിന്നും ലഹരി വിമോചന പ്രവർത്തനങ്ങളിൽ താത്പര്യമുള്ള ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുക. ആവശ്യമെങ്കിൽ, വികാരിയ്ക്ക് രണ്ടോ മൂന്നോ പേരെ കൂടി നോമിനേറ്റ് ചെയ്യാവുന്നതുമാണ്.

ലഹരി വിമോചന സമിതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇടവക - സെന്റർ - ഭദ്രാസനതലത്തിൽ പരിശീലനം ക്രമീകരിക്കുന്നതാണ്. എല്ലാ പട്ടക്കാരും ഇതൊരറിയിപ്പായി സ്വീകരിച്ച്, ഇടവകയുടെ പൊതു തെരഞ്ഞെടുപ്പിനോടൊപ്പം ലഹരി വിമോചനസമിതിയുടെ യുണിറ്റ് രൂപീകരിച്ച് അതാത് ഭദ്രാസന ഓഫീസുകളിൽ അറിയിക്കേണ്ടതാണ്.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ എപ്പോഴും ഇരിക്കുമാറാകട്ടെ.
കർത്തൃ ശുശ്രൂഷയിൽ

2023 ജനുവരി മാസം 30-ാം തീയതി ചെങ്ങന്നൂർ ഒലിവറ്റ് അരമനയിൽനിന്നും

**റൈറ്റ്. റവ. തോമസ് മാർ തിമഥിയോസ് എപ്പിസ്ക്കോപ്പാ**
**ലഹരി വിമോചന സമിതി പ്രസിഡന്റ്**

RT. REV. THOMAS MAR TIMOTHEOS EPISCOPA
MARTHOMA SYRIAN CHURCH
LIGHTED TO LIGHTEN
CHENGANNUR-MAVELIKARA DIOCESE